).ഉ.(സാധാ) നം.1567/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീമതി. ഷീല ബാബു (റിട്ട. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ) ഫയൽ ചെയ്ത OA No. 337/2022 മേലുള്ള 22.06.2022 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1567/2023/LSGD തീയതി,തിരുവനന്തപുരം, 02-08-2023

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 337/2022 മേലുള്ള 22.06.2022 ലെ അന്തിമ ഉത്തരവ്.
2. 26/5/2023 ലെ സ.ഉ(സാധാ)നം.1110/2023/എൽഎസ്ജിഡി നമ്പർ ഉത്തരവ്.
3. OA No. 337/2022 ലെ 22.06.2022 ലെ അന്തിമ ഉത്തരവിന്മേലുള്ള Contempt Petition (Civil) No. 108/2023.

**<u>ഉത്തരവ്</u>**

ശ്രീമതി. ഷീല ബാബു (റിട്ട. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ) ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഹയർ ഗ്രേഡ്) തസ്തികയിൽ ജൂനിയേഴ്സിന് സ്ഥാനക്കയറ്റം നൽകിയ തീയതിയിൽ അർഹതപ്പെട്ട സ്ഥാനക്കയറ്റം ലഭിക്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 337/2021 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധി ചുവടെ ചേർക്കും പ്രകാരമായിരുന്നു.

"The denial of ratio based higher grade on the ground of pendency of vigilance case cannot be sustained. Annexure A8 order (GO (Rt) No.2421/2020/LSGD dated 24.12.2020) is accordingly set aside. The OA has been disposed of with a direction to the Ist & 2nd respondent to grant the applicant the benefit of ratio based higher grade with effect from the date of granting of such benefit to the immediate junior of the applicant ie. to Smt. Ammukutty P Skaria who is included in Annexure A5 as Sl.No.10 thereof. The respondents will ensure that appropriate orders are issued within a period of two months from the date of receipt of a copy of this order. On issuance of such orders, the monetary benefits accruing therefrom shall be issued and arrears thereof disbursed without further delay and at any rate, within further period of three months therefrom."

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഷീല ബാബുവിന് ടിയാളുടെ ജൂനിയറായ ശ്രീ. ആർ. രമണന് ജോയിന്റ് ബിഡിഒ തസ്തികയിൽ ഹയർ



Generated from eOffice by VIJITH V NAIR, ASST- ERA2- LSGD, ASST-ERA2-LSGD, LSGD on 03/08/2023 03:30 PM

).ഉ.(സാധാ) നം.1567/2023/LSGD

ഗ്രേഡ് അനുവദിച്ച 10.08.2019 തീയതി പ്രാബല്യത്തിൽ സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിൽ (as per Rule 23(c) KSR Part I Chapter III, incorporated vide G.O(P) No. 629/2010/Fin, dated 25.11.2010) നോഷണലായി ഹയർ ഗ്രേഡ് അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിലാണ് നോഷണൽ പ്രൊമോഷൻ അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ടി ഉത്തരവിനെതിരെ പരാമർശം 3 പ്രകാരം ശ്രീമതി. ഷീല ബാബു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ Contempt Petition ഫയൽ ചെയ്യുകയുണ്ടായി.

വിജിലൻസ് കേസ് നിലവിലുണ്ട് എന്ന കാരണത്താൽ ശ്രീമതി.ഷീലബാബുവിന് ജോയിന്റ് ബിഡിഒ തസ്തികയിൽ റേഷ്യോ പ്രൊമോഷൻ നിഷേധിക്കുകയും ടിയാരിയെ മറികടന്ന് ജൂനിയറിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുകയുമാണ് ചെയ്തത്. എന്നാൽ റേഷ്യോ പ്രൊമോഷൻ ,തസ്തികയുടെ കേഡർ സ്ട്രെങ്ങ്തിനെ മാത്രം അടിസ്ഥാനമാക്കി അനുവദിക്കുന്ന ആനുകൂല്യമായതിനാൽ വിജിലൻസ് കേസ് നിലവിലുണ്ട് എന്ന കാരണത്താൽ റേഷ്യോ പ്രൊമോഷൻ നിഷേധിച്ച നടപടി നിലനിൽക്കുകയില്ല എന്ന കാരണത്താലാണ് ടി നടപടി ബഹു.കോടതി റദ്ദാക്കിയത്. വേക്കൻസി നിലവിൽ വന്ന 10.08.2019 തീയതിയിൽ ജൂനിയറിന് പകരം റേഷ്യോ പ്രൊമോഷന് അർഹതയുണ്ടായിരുന്നത് ശ്രീമതി.ഷീലബാബുവിനായിരുന്നു എന്നത് കണക്കിലെടുത്താണ് ശ്രീമതി.ഷീലബാബുവിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കാനും സാമ്പത്തിക ആനുകൂല്യങ്ങളുടെ കുടിശ്ശിക അനുവദിക്കാനും ബഹു.കോടതി ഉത്തരവായത്. ജൂനിയറിന് റേഷ്യോ പ്രൊമോഷൻ 21.12.2019 ലെ ഉത്തരവ് പ്രകാരം അനുവദിച്ചതിന്റെ പ്രാബല്യത്തീയതിയായ 10.08.2019 തീയതിയിൽ റേഷ്യോ പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്നത് ശ്രീമതി. ഷീല ബാബുവിന് ആയിരുന്നു എന്നതിനാലും ടിയാൾ 29.02.2020 ന് സർവീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 23 (ഡി) പ്രകാരം സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും ശ്രീമതി. ഷീല ബാബുവിന് പരാമർശം 2 പ്രകാരം 10.08.2019 പ്രാബല്യത്തിൽ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയിൽ അനുവദിച്ച റേഷ്യോ പ്രൊമോഷന്, മറ്റു കേസുകളിൽ ഒരു precedent ആയി പരിഗണിക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 10.08.2019 തീയതി പ്രാബല്യത്തിൽ സാമ്പത്തികാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം 2 പ്രകാരമുള്ള ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ശ്രീമതി. ഷീല ബാബു, താഴ്ചർ ഹൗസ്, പാമ്പാടി പി.ഒ, കോട്ടയം ജില്ല, പിൻ - 686502.

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.



Generated from eOffice by VIJITH V NAIR, ASST- ERA2- LSGD, ASST-ERA2-LSGD, LSGD on 03/08/2023 03:30 PM

).ഉ.(സാധാ) നം.1567/2023/LSGD

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 03-08-2023 10:53:28
സെക്ഷൻ ഓഫീസർ



Generated from eOffice by VIJITH V NAIR, ASST- ERA2- LSGD, ASST-ERA2-LSGD, LSGD on 03/08/2023 03:30 PM